LIBRARY ARCHIVES Kerala Legislative Assembly

താറാവുകൾ മരിച്ചുവീണുകൊണ്ടിരിക്കുന്നതുകൊണ്ട് താറാവു കർഷകർ പ്രതിസന്ധിയിലായിരിക്കുക യാണ്. ഗവൺമെന്റ് അടിയന്തിരമായി ഇടപെട്ട് പ്രതിരോധ വാക്സിൻ കുത്തിവയ്പ് നടത്താനും കൂട്ടത്തോടെ താറാവുകൾ നഷ്ടപ്പെട്ടുപോയ കർഷകർക്ക് മതിയായ നഷ്ടപരിഹാരം കൊടുക്കാനുമുള്ള നടപടി സ്വീകരിക്കണം. ഇടക്കാലത്ത് താറാവുകൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിരുന്നു. പക്ഷേ ആ പരിപാടി നിലച്ചുപോയി. അതുകൊണ്ട് ഇൻഷ്വറൻസ് പുനരാരംഭിക്കാനും താറാവു കർഷകർക്ക് ക്ഷേമനിധി പെൻഷൻ പദ്ധതികൂടി ഏർപ്പെടുത്തിക്കൊണ്ട് സംരക്ഷണം കൊടുക്കാനും ഗവൺമെന്റ് നടപടി സ്വീകരിക്കണം. നിരാലംബരായ കർഷകർക്ക് നഷ്ടപരിഹാരം കൊടുത്ത് സഹായിക്കാൻ ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കണം.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, കേരളത്തിൽ ആകെ 6,60,609 താറാവുകൾ ഉണ്ടെന്നാണ് കണക്ക്. ഈ താറാവുകളെ കുത്തിവച്ചിട്ടുണ്ട്. താറാവുകളുടെ കൂട്ടമരണത്തിന് ഉത്തരവാദി താറാവുവസന്ത എന്ന വൈറസ് രോഗവും പാസ്ച്ചറൈസേഴ്സ് എന്ന ബാക്ടീരിയ രോഗവുമാണ്. യഥാസമയം പ്രതിരോധ കുത്തിവയ്പുവഴി രോഗനിയന്ത്രണം തടയാൻ കഴിയും. ഇതിനായി കഴിഞ്ഞ ആഗസ്റ്റ് മാസം മുതൽ എല്ലാ താറാവുകൾക്കും പ്രതിരോഗ കുത്തിവയ്പ് നൽകാൻ സാധിച്ചിട്ടുണ്ട്. അതിനുശേഷം താറാവുകളുടെ കൂട്ടമരണം സംഭവിച്ചതായി പുതിയതായി വിവരം കിട്ടിയിട്ടില്ല. താറാവുകളെ കുത്തിവയ്ക്കാൻ ആവശ്യമുള്ള വാക്സിൻ പാലോടുള്ള ഞങ്ങളുടെ തന്നെ ഹോസ്പിറ്റലിൽ ഉണ്ടാക്കുന്നുണ്ട്. താറാവ് കർഷകർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന് ആലോചിക്കുന്നു. അത് ഒരു സ്ഥലത്തുനിന്ന് മറ്റൊരിടത്തേയ്ക്ക് കൊണ്ടുപോകുന്നതായതുകൊണ്ട് ഇൻഷ്വറൻസ് കമ്പനികൾ ഇൻഷ്വറൻസ് കൊടുക്കാൻ വൈമുഖ്യം കാണിക്കുന്നു. കർഷകർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്താനായി പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച നടത്തിയെങ്കിലും സാങ്കേതിക കാരണങ്ങളാൽ ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. രോഗം വന്നതുമൂലം നാശനഷ്ടം സംഭവിച്ചവർക്ക് പ്രകൃതി ദുരന്തമായി കണക്കാക്കി ആശ്വാസ നടപടികളും സഹായങ്ങളും ചെയ്യുന്നുണ്ട്.

(39) മുവാരി-മുഖാരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ, കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ സാമൂഹ്യമായും സാമ്പത്തികമായും വളരെ പിന്നോക്കാവസ്ഥയിലുള്ള ഒരു വിഭാഗമാണ് മുവാരി-മുഖാരി സമുദായം. ഈ വിഭാഗത്തെ കേന്ദ്ര സർക്കാർ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ഈ വിഭാഗത്തെ കേരളത്തിലെ സർക്കാർ ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. കേരളത്തിലെ ഒ.ബി.സി. പട്ടികയിൽ അവരെ ഉൾപ്പെടുത്തണമെന്ന

ആവശ്യം വളരെക്കാലമായി നിലനിൽക്കുകയാണ്. മുവാരി-മുഖാരി സമുദായത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

പരിസ്ഥിതി വനം വകുപ്പുമന്ത്രി (ശ്രീ. എ. സുജനപാൽ): സർ, സംസ്ഥാനത്തെ മുവാരി-മുഖാരി സമുദായത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉൾപ്പെടുത്താൻ വേണ്ടിയുള്ള നിർദ്ദേശം ഇപ്പോൾ സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ പരിഗണനയിലാണ്. നേരത്തെ നൽകിയിട്ടുള്ള ശുപാർശയനുസരിച്ച് ഇവരെ ഉൾപ്പെടുത്തണ്ട എന്നായിരുന്നു സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചത്. ആ സന്ദർഭത്തിലാണ് കേന്ദ്ര ഗവൺമെന്റ് ഈ വിഭാഗത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തിയത്. ഇന്നത്തെ ഈ പുതിയ സാഹചര്യത്തിൽ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തേണ്ട കാര്യം സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ മുമ്പാകെ സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ചിരിക്കുകയാണ്. അവരുടെ നിർദ്ദേശം ലഭിച്ചുകഴിഞ്ഞാൽ ഇതിനെ സംബന്ധിച്ചടത്തോളം ഒരു അന്തിമമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

40. തണ്ടാൻ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ പെടുത്തണമെന്ന ആവശ്യം

ശ്രീ. കെ. അച്ചുതൻ: സർ, പഴയ തിരു-കൊച്ചിയുടെ ഭാഗമാണ് ചിറ്റൂർ താലൂക്കിന്റെ ചില പ്രദേശങ്ങൾ. ആ പ്രദേശത്തുള്ള തണ്ടാർ സമുദായക്കാർക്ക് 1950 മുതൽ പട്ടികജാതിക്കാർക്കുള്ള ആനുകൂല്യം ലഭിച്ചിരുന്നു. ഈഴവരും തണ്ടാൻ സമുദായക്കാരും തമ്മിൽ വളരെയേറെ വ്യത്യാസമുണ്ട്. ആ തണ്ടാൻ സമുദായക്കാർക്ക് 1950 മുതൽ പട്ടികജാതിക്കാർക്കുള്ള ആനുകൂല്യം ലഭിച്ചിരുന്നു. അവരുടെ ആചാരങ്ങൾക്ക് തന്നെ വ്യത്യാസമുണ്ട്; അവർ വീട്ടിൽ അച്ഛൻ എന്നാണ് വിളിക്കുന്നത്. ഈഴവ സമുദായത്തിൽപ്പെട്ടവർ അപ്പൻ എന്നാണ് വിളിക്കുന്നത്. അവർ തമ്മിൽ കല്യാണം കഴിക്കാറില്ല. 200-ൽ താഴെ വരുന്ന വീടുകളിൽ മാത്രം താമസിക്കുന്നതിനുള്ള അംഗസംഖ്യ മാത്രമേ ഈ സമുദായത്തിൽപ്പെട്ടവരുള്ളൂ. 1950 മുതൽ അവർക്ക് പട്ടികജാതിയുടെ ആനുകൂല്യം കിട്ടിക്കൊണ്ടിരുന്നതാണ്. ഈഴവർക്ക് പട്ടികജാതിയുടെ ആനുകൂല്യമില്ല. 1976 മുതൽ എല്ലാ തണ്ടാൻമാർക്കും ഈ ആനുകൂല്യം കൊടുക്കണമെന്ന നിർദ്ദേശം വന്നതിന്റെ അടിസ്ഥാനത്തിൽ വളരെക്കൂടുതൽ ആളുകൾക്ക് കൊടുക്കേണ്ടിവന്നപ്പോൾ 1988 മുതൽ ഈ ആനുകൂല്യം എല്ലാ തണ്ടാർമാർക്കും നിറുത്തലാക്കിയിരിക്കുകയാണ്. എനിക്ക് ആവശ്യപ്പെടാനുള്ളത് പഴയ തിരു-കൊച്ചിയിലെ ഭാഗമായ ചിറ്റൂർ പ്രദേശത്തുള്ള വളരെ ചുരുക്കം ആളുകൾക്ക് - (അവരെല്ലാം പാടത്ത് പണിക്കുപോകുന്നവരാണ്) - ആനുകൂല്യം ലഭ്യമാക്കണം. അതോടൊപ്പംതന്നെ ഭിക്ഷയ്ക്ക് പോകുന്ന ഒരു വർഗ്ഗമാണ് പണ്ടാര സമുദായം. അവർക്ക് പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യമാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. കുറച്ചുകാലമായി ഒരു ജാതി സർട്ടിഫിക്കറ്റും അവർക്ക് കൊടുക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly